# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3290 | 22.08.2017 ൽ മറുപടി നൽകേണ്ടത്.

### ഐ.എം.ജി.യുടെ പരിശീലന പരിപാടികൾ

ചോദ്യം
ശ്രീ.ചിറ്റയം ഗോപകുമാർ

ഉത്തരം
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഐ.എം.ജി.യുടെ ചുമതലയിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് വേണ്ടി നടത്തി വന്നിരുന്ന പരിശീലന പരിപാടികൾക്ക് നടപ്പ് വർഷം തുക വകയിരുത്തിയിട്ടുണ്ടോ; | (എ) | നടപ്പ് സാമ്പത്തിക വർഷം സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി പരിശീലന പരിപാടികൾക്കായി മൊത്തം 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ജില്ല തിരിച്ച് അനുബന്ധ തുക വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ജില്ല തിരിച്ച് തുക അനുവദിച്ചിട്ടില്ല |
| (സി)<br><br>(ഡി)<br><br>(ഇ) | ഇത്തരത്തിൽ ലഭ്യമാക്കിയിരുന്ന പരിശീലന പരിപാടി നിലവിൽ നിർത്തിവച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>എങ്കിൽ ആയതിന്റെ സാഹചര്യം സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ;<br><br>ജീവനക്കാരുടെ ഔദ്യോഗിക മികവ് ശാക്തീകരിക്കുന്നതിന് അനിവാര്യമായ ഈ പരിശീലന പരിപാടി ഉടൻ പുനരാരംഭിക്കുന്നതിന് | (സി), (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഐ.എം.ജി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ട്രെയിനിംഗ് കലണ്ടർ പ്രകാരമാണ് ജീവനക്കാർക്ക് പരിശീലനം നൽകുന്നത്. എന്നാൽ 18.07.2017-ൽ ഐ.എം.ജി. ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച പരിശീലന കലണ്ടർ പുനഃക്രമീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനം പരിശീലനത്തെ ബാധിക്കുമെന്നതിനാൽ ട്രെയിനിംഗ് കലണ്ടർ പിന്തുടരുവാനും, ഗവേണിംഗ് |

| | | |
|---|---|---|
| | വേണ്ട നടപടി സ്വീകരിക്കുമോ? | ബോഡിയുടെ അംഗീകാരമില്ലാതെ പുതിയ ട്രെയിനിംഗ് പ്രോഗ്രാം ആരംഭിക്കരുതെന്ന് ഐ.എം.ജി. ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.